


# അന്തർദേശീയ ജനാധിപത്യ ദിനം

സപ്തംബർ 15- അന്തർദേശീയ ജനാധിപത്യ ദിനമാണ്. 2007-ൽ യു.എൻ ജനറൽ അസംബ്ലിയാണ് ലോകജനാധിപത്യ ദിനം ആചരിക്കാൻ തീരുമാനമെടുത്തത്. ജനാധിപത്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

എല്ലാ യു.എൻ അംഗരാജ്യങ്ങളും സംഘടനകളും അതിനനുകൂലമായ അവബോധം വളർത്തികൊണ്ടുവരാൻ പരിശ്രമിക്കണമെന്ന് ജനറൽ അസംബ്ലി ഉണർത്തുന്നു.

മനുഷ്യൻ കൂട്ടമായി ജീവിക്കാൻ തുടങ്ങിയകാലം മുതൽ തന്നെ സമൂഹത്തിന്റെ സുഗമമായ മുന്നോട്ട് പോക്കിനായുള്ള നിയമങ്ങളും ഭരണരീതികളും രൂപപ്പെടുത്തുകയുണ്ടായിട്ടുണ്ട്. വിവിധ ഭരണ സംവിധാനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു.

ഗോത്രഭരണം, പ്രഭു ഭരണം, സ്വേഛാധിപത്യം, രാജഭരണം, പട്ടാളവാഴ്ച തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇതിന് ശേഷം ഏറ്റവും ഒടുവിലായി കണ്ടെത്തിയതും പൊതുവെ




സ്വീകാര്യയോഗ്യവുമായ ഭരണരീതിയാണ് ജനാധിപത്യം.

ജനാധിപത്യം എന്നർത്ഥം വരുന്ന ഡമോക്രസി എന്ന ഇംഗ്ലീഷ് പദം ഡെമോക്രാറ്റിയ (Demo kratia) എന്ന ഗ്രീക്ക് പദത്തിൽ നിന്നുണ്ടായതാണ്. ഡെമോസ് (Demos) എന്നാൽ ജനം എന്നും ക്രാറ്റിയ (Kratia) എന്നാൽ അധികാരം എന്നുമാണർത്ഥം.




ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. ബി.സി അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്ക് ചരിത്രകാരനായ ഹെറഡോട്ടസ് ആണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്. ജനങ്ങൾക്കു വേണ്ടി ജനങ്ങൾ ജനങ്ങളെ ഭരിക്കുന്നതാണ് ജനാധിപത്യമെന്നാണ് അബ്രഹാം ലിങ്കൺ അഭിപ്രായപ്പെട്ടത്.

ജനാധിപത്യത്തിന്റെ രണ്ട് വകഭേദങ്ങളാണ് പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും. ഗ്രീസിലെ നഗര രാഷ്ട്രങ്ങളിലൊന്നായ ഏഥൻസിലാണ് ജനാധിപത്യത്തിന്റെ ആദ്യ മാതൃക കാണാനാകുന്നത്. ഒരിടത്ത് ഒരുമിച്ച് കൂടി സമൂഹത്തിനാവശ്യമായ നിയമങ്ങളും നയങ്ങളും ചർച്ചയിലൂടെയും വോട്ടെടുപ്പിലൂടെയും

തീരുമാനിക്കുന്ന സമ്പ്രദായമാണ് അവിടെയുണ്ടായിരുന്നത്.

ഇതാണ് പ്രത്യക്ഷ ജനാധിപത്യം. സ്ത്രീകൾക്കും അടിമകൾക്കും ഇതരദേശക്കാർക്കും ഇതിൽ പങ്കാളിത്തമുണ്ടായിരുന്നില്ല. പിന്നീട് റോമിലും ഇതേ രീതിയായിരുന്നു. പിൽക്കാലത്ത് പുരോഗമന ജനാധിപത്യത്തിന് വഴി കാണിച്ചത് ഏഥൻസിലുണ്ടായിരുന്ന ഈ സമ്പ്രദമായയമാണ്.

ദൈനംദിന ഭരണകാര്യങ്ങൾക്കൊപ്പം ജനങ്ങളും അവരുടെ ആവശ്യങ്ങളും വർധിച്ചപ്പോൾ ഭരണകാര്യങ്ങളിൽ പൗരസമൂഹത്തിന് ഇടപെടുക അസാധ്യവും അപ്രായോഗികവുമായി. അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി രാഷ്ട്രത്തിന്റെയോ സമൂഹത്തിന്റെയോ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന രീതിയാണ് പിന്നീട് വികസിച്ചു വന്നത്. ഇതാണ് പരോക്ഷ ജനാധിപത്യം അഥവാ പ്രാതിനിധ്യ ജനാധിപത്യം.



കൃത്യമായ കാലയളവിലുള്ള തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ തങ്ങളുടെ പ്രതിനിധിയെ തെരഞ്ഞെടുത്ത് അധികാരമേൽപിക്കുന്നു.

നമ്മുടെ രാജ്യത്തടക്കം ലോകത്തിലെ മിക്ക രാജ്യങ്ങളിലും നിലനിൽക്കുന്നത് പരോക്ഷ ജനാധിപത്യം അഥവാ പ്രാതിനിധ്യ ജനാധിപത്യമാണ്....

ഒരു ഭരണ ക്രമമെന്ന നിലയിൽ ഗവൺമെന്റിന്റെ അധികാരശക്തി സമൂഹത്തിന്റെ മൊത്തം കൈകളിൽ നിക്ഷിപ്തമായിരിക്കുന്നതാണ് ജനാധിപത്യം. പൗരാവകാശ ധർമ്മങ്ങൾ നിർവ്വഹിക്കാൻ കഴിവുള്ള എല്ലാ പൗരന്മാർക്കും രാജ്യഭരണത്തിൽ പങ്കെടുക്കാനും അവരുടെ ആഗ്രഹങ്ങളും താൽപര്യങ്ങളും ഭരണരംഗത്ത് പ്രതിഫലിപ്പിക്കാനും അവസരമൊരുക്കുന്നതാണ് ജനാധിപത്യ സംവിധാനം.

അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് മത്സരവും തെരഞ്ഞെടുത്ത ഭരണാധികാരികളുമുള്ള രാഷ്ട്രീയ വ്യവസ്ഥയാണ് ജനാധിപത്യം. എന്നാൽ ഇതൊന്നും ശരിയായി പുലരാത്ത ഭരണകൂടങ്ങളും തങ്ങളുടേത് ജനാധിപത്യ രാജ്യമാണെന്ന് അവകാശപ്പെടാറുണ്ട്.

അതിനാൽ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള ജനങ്ങളുടെ നിരന്തര ശ്രമങ്ങളെ ജനാധിപത്യദിനം കൂടുതൽ ഉദ്ദീപിക്കുന്നു.

● മജീദ് കൂട്ടമ്പൂർ